**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4601** **19-03-2025 - ൽ മറുപടിയ്ക്ക്**

**പാമ്പ് കടിയേറ്റ് മരിച്ചവർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുള്ളൻപന്നിയുടെയും കാട്ടുപന്നിയുടെയും ആക്രമണം നേരിടുന്ന പക്ഷം വനം വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മുള്ളൻ പന്നിയുടേയും കാട്ടുപന്നിയുടേയും ആക്രമണത്താൽ പരുക്കോ നാശനഷ്ടമോ ഉണ്ടാകുന്ന പക്ഷം 1980 ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽ പ്രകാരം, ആവശ്യമായ രേഖകൾ സഹിതം ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടതാണ്. അക്ഷയ സെന്ററുകളിൽ ഈ സേവനം ലഭ്യമാണ്. ചികിത്സയ്ക്ക് ചെലവായ തുക പരമാവധി ഒരു ലക്ഷം രൂപ വരെ നഷ്ടപരിഹാരമായി അനുവദനീയമാണ് . പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ചെലവിന് ഉയർന്ന പരിധി ബാധകമല്ല. മുള്ളൻ പന്നിയുടേയും കാട്ടുപന്നിയുടേയും ആക്രമണത്തിൽ മരണപ്പെടുന്ന പക്ഷം മരണപ്പെട്ടയാളുടെ ആശ്രിതർ ടി റൂൾസ് പ്രകാരം, ആവശ്യമായ രേഖകൾ സഹിതം ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അനന്തരാവകാശ സർട്ടിഫിക്കറ്റും മറ്റ് രേഖകളും ഉള്ളടക്കം ചെയ്യേണ്ടതാണ്. ആയതു സമർപ്പിക്കുന്ന പക്ഷം, നിലവിൽ പത്ത് ലക്ഷം രൂപ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട് . |
| (ബി) | പാമ്പ് കടിയേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് വനം വകുപ്പ് മുഖേന ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് വിശദമാക്കാമോ? | (ബി) | പാമ്പുകടിയേറ്റ് മരണം സംഭവിക്കുന്ന പക്ഷം, മരണപ്പെട്ടയാളുടെ ആശ്രിതർ 1980 ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽ പ്രകാരം, ആവശ്യമായ രേഖകൾ സഹിതം ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടതാണ്. അക്ഷയ സെന്ററുകളിൽ ഈ സേവനം ലഭ്യമാണ്. അപേക്ഷയോടൊപ്പം അനന്തരാവകാശ സർട്ടിഫിക്കറ്റും മറ്റ് രേഖകളും ഉള്ളടക്കം ചെയ്യേണ്ടതാണ്. വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്ന കേസ്സുകളിൽ രണ്ട് ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | അനന്തരാവകാശികൾക്ക് നഷ്ടപരിഹാരം ലഭിക്കു-ന്നതിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ